**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
( ഹാജർ : അനു കുമാരി ഐ. എ. എസ് )

കെ3/566493/23

തീയതി : 02 . 03. 2025

വിഷയം: പൊന്നുംവില - പൊന്നുംവില- നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റീച്ച്-1 (നെടുമങ്ങാട് മുതൽ മുള്ളിലവിൻ മൂട് വരെ) പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കൽ - 2013 ലെ RFCTLARR ആക്ടിലെ വകുപ്പ് 15(3) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി സമുചിത സർക്കാർഉത്തരവാകുന്നു.

പരാമർശം: 1. 30/12/24 ലെ 4121-)0 നമ്പർ കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം

2. പൊന്നുംവില (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ 27/02/25, 28/02/25 ലെ എ6/617/2024 നമ്പർ റിപ്പോർട്ട്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റീച്ച്-1 (നെടുമങ്ങാട് മുതൽ മുള്ളിലവിൻ മൂട് വരെ) പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി 133.98 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

പ്രാരംഭ വിജ്ഞാപനത്തിന്മേൽ ആകെ 3 ആക്ഷേപങ്ങൾ ലഭ്യമായിരുന്നു. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് കക്ഷികളെ നേരിൽ കേട്ട് അർത്ഥനാധികാരിയുടെ അഭിപ്രായം സഹിതം പരാമർശം (2) പ്രകാരം പൊന്നുംവില ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

ശ്രീ. വിജയകുമാർ.ഡി, വിജയഭവൻ, മഞ്ച, നെടുമങ്ങാട് പി.ഒ എന്ന കക്ഷി നൽകിയിരുന്ന അപേക്ഷയിൽ ടിയാന്റെയും മകന്റെയും ഉടമസ്ഥതയിലുള്ള വസ്തുവിൽ നിലവിലെ അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കൽ നടപടികൾ തുടരുന്ന പക്ഷം റോഡ് നിരപ്പിൽ നിന്നും വളരെ താഴ്ന്ന സ്ഥിതി ചെയ്യുന്ന വീടിന് ബലക്ഷയം സംഭവിക്കുമെന്നും ആയതിനാൽ അലൈൻമെന്റിൽ മാറ്റം വരുത്തി ടി കക്ഷിയുടെ ഭൂമി പൊന്നുംവില നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ടി വിഷയം സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയിട്ടുള്ളതായും കക്ഷികളുടെ സ്ഥലങ്ങൾ റോഡ് ലെവലിനേക്കാൾ താഴ്ന്ന നിലയിലാണെങ്കിലും ടി സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് റീറ്റൈനിംഗ് വാൾ കെട്ടിയിട്ടുള്ളതായും നിലവിലെ അലൈൻമെന്റ് പ്രകാരം അപേക്ഷന്റെ കോമ്പൌണ്ട് വാൾ, ഗേറ്റ് എന്നിവയാണ് ഏറ്റെടുക്കലിൽ ഉൾപ്പെടുന്നതെന്നും ആയതിനാൽ ഏറ്റെടുക്കൽ മൂലം വീടിന് യാതൊരും ബലക്ഷയവും ഉണ്ടാകുന്നതല്ലെന്നും ടി സാഹചര്യത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള അലൈൻമെന്റിൽ വ്യത്യാസം വരുത്തുന്നത് പരിഗണനയിൽ ഇല്ലെന്നും അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്. 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും നിയമവിധേയമായി പരാതിക്കാരന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് പൊന്നുംവില ഓഫീസർ അറിയിച്ചിട്ടുള്ളതാണ്.

ശ്രീമതി. എ.കുമാരി ലൈല, ശ്രീമതി. ആർഷ.കെ.സത്യൻ, കൃപ, മഞ്ച, കരിപ്പൂർ,നെടുമങ്ങാട് എന്നിവർ നൽകിയിരുന്ന അപേക്ഷയിലും നിലവിലെ അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കൽ നടപടികൾ തുടരുന്ന പക്ഷം റോഡ് നിരപ്പിൽ നിന്നും വളരെ താഴ്ന്ന സ്ഥിതി ചെയ്യുന്ന വീടിന് ബലക്ഷയം

സംഭവിക്കുമെന്നും ആയതിനാൽ അലൈൻമെന്റിൽ മാറ്റം വരുത്തി ടി കക്ഷികളുടെ ഭൂമി പൊന്നുംവില നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

പരാതിക്കാസ്പദമായ സ്ഥലങ്ങൾ പരിശോധിച്ചിട്ടുള്ളതിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച retaining wall ന് മുകളിലായാണ് കോമ്പൌണ്ട് വാൾ, ഗേറ്റ്, സ്റ്റെപ്പ് എന്നിവ ഉള്ളതെന്നും റോഡിൽ നിന്നും മുകളിലത്തെ നിലയിലേക്ക് പ്രവേശിക്കാനായുള്ള സ്ലാബ് കോൺക്രീറ്റ് ചെയ്തിട്ടുള്ള നിലയിലുമാണെന്നും പുതിയ അലൈൻമെന്റ് പ്രകാരം boundary stone ഇട്ടതിൽ ടി വ്യക്തിയുടെ കോമ്പൌണ്ട് വാൾ, ഗേറ്റ് , സ്റ്റെപ്പ് പ്രവേശന ഭാഗത്തുള്ള RCC സ്ലാബ് എന്നിവയാണ് ഏറ്റെടുക്കേണ്ടതായി വരുന്നതെന്നും ഇവ ഏറ്റെടുക്കുന്നത് മൂലം നിലവിൽ സ്ഥിതി ചെയ്യുന്ന വീടിന് യാതൊരു ബലക്ഷയവും ഉണ്ടാകാത്ത രീതിയിൽ ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കുന്നതുമാണെന്ന് അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്. 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും നിയമവിധേയമായി പരാതിക്കാരന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ടി ആക്ഷേപങ്ങളുടെ വിചാരണ നടത്തി പൊന്നുംവില ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

തൽപരകക്ഷികളുടെ ആക്ഷേപങ്ങൾ പരിഗണിച്ച് 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും നിയമവിധേയമായി പരാതിക്കാർക്ക് ലഭ്യമാക്കുന്നതിന് പൊന്നുംവില ഓഫീസറും അർത്ഥനാധികാരിയും നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് പ്രാരംഭ വിജ്ഞാപനത്തിന്മേൽ ലഭ്യമായ ആക്ഷേപത്തിന്മേൽ തീർപ്പ് കൽപ്പിക്കുന്നു. പൊതു ആവശ്യം പരിഗണിക്കുമ്പോൾ പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും,സ്ഥലവാസികൾക്കും പൊതുജനങ്ങൾക്കും സുഗമമായ റോഡ് യാത്രാ സൌകര്യം ഒരുക്കുന്നതിനും അനിവാര്യമായതിനാലും പ്രാഥമിക വിജ്ഞാപന പ്രകാരമുള്ള ഏകദേശം 133.98 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് RFCTLARR ACT 2013 സെക്ഷൻ 15(3) പ്രകാരം തീരുമാനിച്ചു കൊണ്ടും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്,തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ്സ് ഡിവിഷൻ, തിരുവനന്തപുരം
3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ) തിരുവനന്തപുരം ( പരാതി കക്ഷികളെ നടപടി വിവരം അറിയിക്കേണ്ടതാണ്)
4. എൻ.ഐ.സി. ഓഫീസർക്ക് - സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി (ക്യാപ്ഷൻ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്

*Engish – Land Acquisition– Improvements to Nedumangad–Aruvikkara–Vellanad Road–Reach–1 RFCTLARR Act–Section 15(3)–Appropriate Government Order.

*മലയാളം–പൊന്നുംവില– നെടുമങ്ങാട്–അരുവിക്കര–വെള്ളനാട് റോഡ്–റീച്ച്–1 പദ്ധതിയ്ക്കായുള്ള ഭൂമിയേറ്റെടു ക്കൽ –2013 ലെ RFCTLARR ആക്ട് വകുപ്പ് 15(3) പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ്

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)